LIBRARY ARCHIVES Kerala Legislative Assembly

നേമം നിയോജക മണ്ഡലത്തിലെ റോഡ് നിർമ്മാണപുരോഗതി

263 (1307) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നേമം നിയോജക മണ്ഡലത്തിലെ പുത്തൻപള്ളി റോഡ്, വിജയമോഹിനി മിൽ, മുടവൻമുഗൾ റോഡ്, കരുമം-തിരുവല്ലം റോഡ് എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ;

ഉത്തരം

പുത്തൻപള്ളി റോഡ് വീതി കൂട്ടി നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി റോഡ് വികസനത്തിന് ഭൂമി മുൻകൂട്ടി ലഭ്യമായിട്ടുള്ള ഭാഗത്ത് ഓട നിർമ്മാണവും നടപ്പാത നിർമ്മാണവും പുരോഗമിക്കുന്നു. വിജയമോഹിനി മിൽ-മുടവൻമുഗൾ റോഡിന്റെ ബി.എം & ബി.സി പ്രവൃത്തികൾ പൂർത്തിയായി. ടി റോഡിന്റെ ഒരു ഭാഗത്തെ ഓട നിർമ്മാണവും റോഡ് സുരക്ഷാ പ്രവൃത്തികളും ബാക്കിയുണ്ട്. കരുമം-തിരുവല്ലം റോഡ് പ്രവൃത്തിയുടെ കരാർ വച്ചിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

അയിലം പാലം

264 (1308) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയിലം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നിർമ്മാണം എന്നാണ് ആരംഭിച്ചതെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ;

(ബി) ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്ന നാനൂറ് ദിവസത്തിനുള്ളിൽ പൂർത്തിയാക്കുന്ന നൂറ് പാലങ്ങളിൽ അയിലം പാലം ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനും പണിപൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കാമോ ?